പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2831

20/12/2012-ൽ
മറുപടിയ്ക്ക്

## പുതിയ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ ആരംഭിക്കാൻ നടപടി

**ചോദ്യം** | **മറുപടി**

ശ്രീ.രാജു എബ്രഹാം :

ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

(എ) കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലായി എത്ര സർക്കാർ / എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളും, ട്രെയിനിംഗ് കോളേജുകളും ഉണ്ട് എന്ന് ജില്ല തിരിച്ച പേരു വിവരം സഹിതം വ്യക്തമാക്കാമോ ;

(എ) മറുപടി അനുബന്ധം I ആയി ചേർത്തിരിക്കുന്നു.

(ബി) ഇവയുടെ ഭരണപരമായ സൌകര്യത്തിനു വേണ്ടി എത്ര റീജണൽ ഓഫീസുകളാണ് ഡെപ്യൂട്ടി ഡയറക്ടർമാരുടെ നേതൃത്വത്തിലുള്ളത് ; അവ ഏതൊക്കെ എന്നും, ഓരോ ഓഫീസും കൈകാര്യം ചെയ്യുന്ന കോളേജുകളുടെ എണ്ണം എത്രയെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(ബി) **അഞ്ച്**

| ക്രമ നം. | മേഖലാ ഓഫീസ് | ആർട്സ് & സയൻസ് കോളേജുകൾ | ട്രെയിനിംഗ് കോളേജുകൾ |
|---|---|---|---|
| 1 | കൊല്ലം | 28 | 5 |
| 2 | കോട്ടയം | 34 | 6 |
| 3 | എറണാകുളം | 31 | 2 |
| 4 | തൃശ്ശൂർ | 24 | 1 |
| 5 | കോഴിക്കോട് | 33 | 3 |
| | **ആകെ** | 150 | 17 |

(സി) കോളേജുകളുടെ വർദ്ധനമൂലം റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടർമാരുടെ ഓഫീസുകളിൽ ജോലിഭാരം വർദ്ധിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഇതിനു പരിഹാരമായി യു.ജി.സി ഉത്തരവിലുള്ളതു പോലെ ഓരോ ജില്ലയിലും ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ സ്ഥാപിക്കുന്നതിനോ അല്ലെങ്കിൽ രണ്ടു ജില്ലയ്ക്ക് ഒന്നു വീതം എന്ന നിലയിൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ ആരംഭിക്കുന്നതിനോ നടപടി സ്വീകരിക്കുമോ ;

(ഡി) ഇക്കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിൽ ഇല്ല.

| | | | |
|---|---|---|---|
| (ഇ) | നിലവിലുള്ള ഓരോ റീജ്യണൽ ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിലെയും സ്റ്റാഫ് സ്ട്രെങ്ത് എത്ര എന്ന് മേഖല തിരിച്ച് വ്യക്തമാക്കാമോ ; ഇത് ഏത് വർഷം ആസ്പദമാക്കിയാണ് ; | (ഇ) | മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (എഫ്) | മതിയായ ജീവനക്കാരുടെ കുറവുമൂലമുണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കുന്നതിനായി, പുതിയ ഡെപ്യൂട്ടി ഡയറക്ടറേറ്റുകൾ ആരംഭിക്കുന്നില്ലെങ്കിൽ, നിലവിലുള്ള ഡെപ്യൂട്ടി ഡയറക്ടറേറ്റുകളിൽ, ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ; | (എഫ്) | ഇക്കാര്യം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (ജി) | സർക്കാർ കോളേജോ ട്രെയിനിംഗ് കോളേജോ ഇല്ലാത്ത ഏക ജില്ലയായ പത്തനംതിട്ട ജില്ലയിൽ ഇവ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | (ജി) | നിലവിൽ പരിഗണനയിലില്ല. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ